Vol 05 Issue 01
July-September 2013

FROM THE HOUSE OF ESAF

# LAHANTI

...means development in Santhali, the language of an underdeveloped tribal group in Eastern India.

## ചിന്തിക്കൂ ഒരു നിമിഷം

# പ്രോആക്ടീവ് ആകൂ...



തൃശ്ശൂരിലെ പൂത്തോൾ റെയിൽവെ ചേരിയിലാണ് രമ്യയുടെ വീട്. വീടിന്റെ മുമ്പിൽ തിരക്കേറിയ റോഡ്. പിന്നിൽ റെയിൽവെ പാളം. 24 മണിക്കൂറും ശബ്ദവും ബഹളവും പൊടിയും. സ്കൂൾ ബാഗുമേന്തി നടന്നും ഓട്ടോറിക്ഷയിലും സ്കൂളിൽ പോകുന്ന കുട്ടികളെ കാണുമ്പോൾ അവൾ ചിന്തിക്കും, ''എനിക്കും പഠിക്കുവാൻ കഴിഞ്ഞെങ്കിൽ''. എന്നാൽ സാഹചര്യങ്ങൾ അവളെ അതിന് അനുവദിച്ചില്ല. ആ കോളനി സന്ദർശിക്കുമായിരുന്ന കന്യാസ്ത്രീകൾ പഠിക്കുവാനുള്ള രമ്യയുടെ ആഗ്രഹം മനസ്സിലാക്കി അവളെ അക്ഷരങ്ങൾ പഠിപ്പിച്ചു. രാത്രി 10 മണി കഴിഞ്ഞ്, വാഹനങ്ങളുടെ ബഹളം കുറയുമ്പോഴേ അവൾക്ക് വായിക്കുവാനും എഴുതുവാനും കഴിയൂ. ഉറങ്ങി വീഴും വരെ പഠിക്കും. രാവിലെ നാലു മണിക്ക് വാഹനങ്ങൾ ഉണരും മുമ്പെ ഉണർന്ന് പഠനം തുടരും. അങ്ങനെ പഠിച്ച് പത്താം ക്ലാസ്സിൽ അവൾ സ്വന്തമാക്കിയത് 92% മാർക്ക്. പ്ലസ് ടുവിന് 86% മാർക്ക്. എൻട്രൻസ് കോച്ചിങ്ങിന് പോകാൻ സാമ്പത്തിക സ്ഥിതി അവളെ അനുവദിച്ചില്ല. രമ്യ തളർന്നില്ല. അവൾ തനിയെ പഠനം തുടങ്ങി. എൻട്രൻസ് പരീക്ഷയിൽ ഗവൺമെന്റ് മെറിറ്റിൽ എഞ്ചിനീയറിങ്ങിന് അഡ്മിഷൻ കിട്ടി. ഇപ്പോൾ രമ്യ പാലക്കാട് ഗവ. എഞ്ചിനീയറിങ്ങ് കോളേജിൽ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻസ് വിഭാഗത്തിൽ ബി.ടെക് വിദ്യാർത്ഥിനിയാണ്.

രമ്യയെപ്പോലുള്ളവരുടെ ജീവിതത്തോടുള്ള മനോഭാവത്തെ സ്റ്റീഫൻ കോവെ എന്ന ഗ്രന്ഥകാരൻ 'പ്രോആക്ടീവ്' എന്നു വിളിക്കുന്നു. 38 ഭാഷകളിലായി ഒന്നര കോടിയിലധികം പ്രതികൾ വിറ്റഴിഞ്ഞ "The Seven Habits of Highly Effective People" എന്ന തന്റെ പുസ്തകത്തിൽ ജീവിതസാഹചര്യങ്ങളോട് രണ്ടുവിധത്തിൽ പ്രതികരിക്കാം എന്ന് സ്റ്റീഫൻ കോവെ സമർത്ഥിക്കുന്നു. ഒന്ന് പ്രോആക്ടീവ് (Proactive) മറ്റൊന്ന് റിയാക്ടീവ് (Reactive).

പ്രോആക്ടീവ് ആയി പ്രതികരിക്കുന്നവർ പ്രതിസന്ധികളിൽ പ്രത്യാശ കാണിക്കുന്നവരാണ്. അവർ ആയിരിക്കുന്ന സാഹചര്യങ്ങളെക്കുറിച്ചും അവയോട് എങ്ങനെ പ്രതികരിക്കണമെന്നതിനെക്കുറിച്ചും അവർക്ക് വ്യക്തമായ ബോധ്യമുണ്ട്. പ്രശ്നങ്ങളേക്കാൾ സാധ്യതകളെക്കുറിച്ച് അവർ ചിന്തിക്കുന്നു. പ്രശ്നങ്ങളെ പ്രസ്ഥാനങ്ങളാക്കാനായിരിക്കും അവരുടെ ശ്രമം. രോഗമായാലും ദാരിദ്രമായാലും മറ്റെന്ത് പ്രതിസന്ധികളായാലും ശുഭാപ്തിവിശ്വാസത്തോടെ ജീവിതം നയിക്കുന്നു. എന്നാൽ പ്രതികൂല സാഹചര്യങ്ങളിൽ സംഭവങ്ങളോടും വ്യക്തികളോടും ജീവിതത്തോടുതന്നെയുമുള്ള നിഷേധാത്മകമായ സമീപനത്തെ 'റിയാക്ടീവ്' എന്നു വിളിക്കും. ഈ മനോഭാവമുള്ളവർ പ്രതികൂല സാഹചര്യങ്ങളിൽ അസംതൃപ്തരാകും നിരാശിതരാകും ദേഷ്യപ്പെടും ചിലപ്പോൾ സമനില തന്നെ നഷ്ടപ്പെട്ടെന്നും വരും. സാഹചര്യങ്ങളെ പഴിച്ച് മറ്റുള്ളവരെയും ദൈവത്തെത്തന്നെയും കുറ്റം പറഞ്ഞ് ജീവിതം തങ്ങൾക്കും മറ്റുള്ളവർക്കും ദുഷ്കരമാക്കും. അല്ലെങ്കിൽ സ്വയസഹതാപ മനോഭാവത്തോടെ അവർ സമൂഹത്തിൽ നിന്നും ജീവിതത്തിൽ നിന്നു തന്നെയും ഉൾവലിയുവാൻ ശ്രമിക്കും.

റിയാക്ടീവ് മനോഭാവമോ പ്രോആക്ടീവ് മനോഭാവമോ സ്വീകരിക്കുവാനുള്ള സ്വാതന്ത്ര്യം എല്ലാവർക്കുമുണ്ട്. നാം ആയിരിക്കുന്ന പ്രതികൂല സാഹചര്യങ്ങളെ വ്യത്യാസപ്പെടുത്തുവാൻ നമുക്കു കഴിഞ്ഞെന്നു വരികയില്ല. എന്നാൽ അതിനോട് എങ്ങനെ പ്രതികരിക്കണമെന്ന് നമുക്ക് തീരുമാനിക്കാം. ഒന്നുകിൽ റിയാക്ടീവ് അല്ലെങ്കിൽ പ്രോആക്ടീവ്.

**ജേക്കബ് സാമുവൽ**
ഡയറക്ടർ, പ്രോഗ്രാംസ്

# മുതിർന്ന സംഘാംഗങ്ങളെ ആദരിച്ചു



കെ.പോൾ തോമസ് മുതിർന്ന സംഘാംഗത്തെ പൊന്നാട അണിയിച്ച് ആദരിക്കുന്നു

**കൊടുങ്ങല്ലൂർ:** കൊടുങ്ങല്ലൂർ ബ്രാഞ്ചിന്റെ പുതിയ ഓഫീസ് ഉദ്ഘാടനത്തോടനുബന്ധിച്ച് ഇസാഫിന്റെ സംഘാംഗമായി 10 വർഷം പിന്നിട്ട 85 സംഘാംഗങ്ങളെ പൊന്നാടയണിയിച്ച് ആദരിച്ചു. മുൻസിപ്പാലിറ്റി വൈസ് ചെയർമാൻ സുഭാഷ് കെ.ആർ പരിപാടി ഉദ്ഘാടനം ചെയ്തു. കെ.പോൾ തോമസ് അദ്ധ്യക്ഷതവഹിക്കുകയും മുതിർന്ന സംഘാംഗങ്ങളെ ആദരിക്കുകയും ചെയ്തു. പരിപാടിയെ തുടർന്ന് ജോർജ്ജ് തോമസ് സംഘാംഗങ്ങളുടെ മക്കൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഉന്നതവിജയം നേടിയവർക്ക് വാർഡ് കൗൺസിലർ അഡ്വ. വെങ്കിടേശ്വരൻ ഡി.റ്റി ക്യാഷ് അവാർഡുകൾ വിതരണം ചെയ്തു. കൊടുങ്ങല്ലൂർ സൗത്ത് ഇന്ത്യൻ ബാങ്ക് മാനേജർ ടോമി ടി.കെ സംഘാംഗങ്ങൾക്കുള്ള പ്രാൻ കാർഡ് വിതരണത്തിന് നേതൃത്വം നൽകി. എക്സൈസ് ഡിപ്പാർട്ട്മെന്റ് സർക്കിൾ ഇൻസ്പെക്ടർ ഹരിഹരൻ പിള്ള, കൊടുങ്ങല്ലൂർ സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക് മാനേജർ സൈറസ് പി.കെ, ഡപ്യൂട്ടി ജനറൽ മാനേജർ സൈബു കെ.എ, സീനിയർ മാനേജർ ദിലീപ് ടി.യു, ഏരിയ മാനേജർ ഷൈനി വർഗ്ഗീസ്, മെറീന മാർട്ടിൻ എന്നിവരും പ്രസംഗിച്ചു.

# ഭക്ഷണകിറ്റുകൾ വിതരണം ചെയ്തു




ആലപ്പുഴ ഏരിയയിലെ ഭക്ഷണക്കിറ്റ് വിതരണത്തിന് കെ.പോൾ തോമസ് നേതൃത്വം നൽകുന്നു

**മണ്ണുത്തി:** ഇസാഫ് എസ്.എച്ച്.ജി ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ വെള്ളപ്പൊക്ക ദുരിതബാധിത പ്രദേശങ്ങളിൽ മൂവായിരത്തിലധികം ഭക്ഷണക്കിറ്റുകൾ വിതരണം ചെയ്തു. കൊടുങ്ങല്ലൂർ, തിരുവല്ല, ചേർപ്പ്, ആലപ്പുഴ, അമ്പലപ്പുഴ, വൈക്കം, അരൂർ എന്നീ ബ്രാഞ്ചുകളിലാണ് ഭക്ഷണകിറ്റുകൾ വിതരണം ചെയ്തത്. ആലപ്പുഴ ഏരിയയിൽ സംഘടിപ്പിച്ച പരിപാടി പുന്നപ്ര പഞ്ചായത്ത് പ്രസിഡണ്ട് എം. ത്യാഗരാജൻ ഉദ്ഘാടനം ചെയ്തു. മാനേജിംഗ് ഡയറക്ടർ കെ. പോൾ തോമസ് ഭക്ഷണക്കിറ്റ് വിതരണത്തിന് നേതൃത്വം നൽകി. ഇസാഫ് സൊസൈറ്റി പ്രസിഡണ്ട് പ്രൊഫ. എലിസബത്ത് ജോൺ, എസ്.എച്ച്.ജി ഫെഡറേഷൻ ബോർഡ് മെമ്പർ ശ്രീകുമാരി, ഏരിയ മാനേജർ വിജി ഏബ്രഹാം എന്നിവർ പ്രസംഗിച്ചു. ഡയറക്ടർ ഓപ്പറേഷൻസ് ജോർജ്ജ് തോമസ്, ഡയറക്ടർ പ്രോഗ്രാംസ് ജേക്കബ് സാമുവൽ, ഡപ്യൂട്ടി ജനറൽ മാനേജർ സൈബു കെ.എ. എന്നിവർ കൊടുങ്ങല്ലൂർ, തിരുവല്ല, ചേർപ്പ്, വൈക്കം, അരൂർ എന്നീ ബ്രാഞ്ചുകളിലെ ഭക്ഷണക്കിറ്റ് വിതരണത്തിന് നേതൃത്വം നൽകി.

# ഉന്നത വിജയം നേടിയവരെ ആദരിച്ചു



കെ.പോൾ തോമസ് അവാർഡ് വിതരണം ചെയ്യുന്നു

**മണ്ണുത്തി:** ഇസാഫ് കുടുംബത്തിൽ എസ്. എസ്. എൽ. സി, പ്ലസ് ടു വിഭാഗങ്ങളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് നൽകുന്ന പുരസ്കാരവും ക്യാഷ് അവാർഡും മാനേജിംഗ് ഡയറക്ടർ കെ. പോൾ തോമസ് വിതരണം ചെയ്തു. ഇസാഫ് സ്റ്റാഫ് അംഗങ്ങളുടെ മക്കൾക്കായി ഇസാഫ് സ്റ്റാഫ് വെൽഫെയർ ട്രസ്റ്റ് ഏർപ്പെടുത്തിയ അവാർഡിന് കേരള സോണിൽ നിന്നും മൂന്ന് പേർ അർഹരായി.

1. **ദൃശ്യ കെ.**
   (D/o ഷൈല എം., കൊഴിഞ്ഞാമ്പാറ ബ്രാഞ്ച്)
2. **ജോഫീന ജോൺസൺ**
   (D/o സുജ ജോൺസൺ, മുടപ്പല്ലൂർ ബ്രാഞ്ച്)
3. **ലിന്റ എൽദോസ്**
   (D/o ലില്ലി എൽദോസ്, രാജകുമാരി, ബ്രാഞ്ച്)

# ബോധവത്കരണ സെമിനാർ സംഘടിപ്പിച്ചു



ലിവബിൾ സിറ്റീസ് നെറ്റ്‌വർക്ക് സംഘടിപ്പിച്ച ബോധവൽകരണ സെമിനാറിൽ നിന്ന്

**തൃശൂർ:** ഇസാഫ് ലിവബിൾ സിറ്റീസ് നെറ്റ്‌വർക്കും ട്രാഫിക് പോലീസും ചേർന്ന് ഓട്ടോ ഡ്രൈവർമാർക്ക് വേണ്ടി ബോധവത്കരണ സെമിനാർ സംഘടിപ്പിച്ചു. തൃശൂർ പോലീസ് ക്ലബിൽ വച്ചു നടന്നപരിപാടിയിൽ നഗരത്തിലുള്ള നൂറിലധികം ഓട്ടോറിക്ഷാ ഡ്രൈവർമാർ പങ്കെടുത്തു. ചടങ്ങിൽ ലിവബിൾ സിറ്റീസ് പ്രോജക്ട് ഡയറക്ടർ ജേക്കബ് സാമുവൽ അദ്ധ്യക്ഷത വഹിച്ചു. വാഹനമോടിക്കുമ്പോൾ അവലംബിക്കേണ്ട ശരിയായ മനോഭാവത്തെക്കുറിച്ചും റോഡിൽ കാൽനടയാത്രക്കാർക്ക് വേണ്ട പരിഗണന നൽകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അഡിഷണൽ എസ് ഐ രാജൻ ക്ലാസ്സെടുത്തു. ട്രാഫിക് എസ് ഐ സുരേന്ദ്രൻ, പ്രോജക്ട് ഓഫീസർ ജിനു വർഗ്ഗീസ് എന്നിവരും പ്രസംഗിച്ചു. ഓട്ടോ ഡ്രൈവർമാർക്ക് ബോധവത്കരണ ലഘുലേഖകൾ വിതരണം ചെയ്തു.

# സ്വാതന്ത്ര്യദിനാഘോഷം

**മണ്ണുത്തി:** 67-ാം സ്വാതന്ത്ര്യദിനം ഇസാഫ് ആഘോഷിച്ചു. ഹെപ്സീബ കോംപ്ലക്സിനു സമീപം സംഘടിപ്പിച്ച പരിപാടിയിൽ ഇസാഫ് ഡയറക്ടർ ഓപ്പറേഷൻസ് ജോർജ്ജ് തോമസ് ദേശീയ പതാക ഉയർത്തുകയും സ്വാതന്ത്ര്യദിന സന്ദേശം നൽകുകയും ചെയ്തു. ക്രിയേഷൻ ഇൻവെസ്റ്റ്മെന്റ്സ് ക്യാപ്പിറ്റൽ മാനേജ്മെന്റ് വൈസ് പ്രസിഡന്റ് ആദം കോഡ് വിശിഷ്ട അതിഥിയായിരുന്നു.

# ഓണാഘോഷം



ഇസാഫ് ഓണാഘോഷ പരിപാടികൾ ടി.എസ് അനന്തരാമൻ ഉദ്ഘാടനം ചെയ്യുന്നു.

**മണ്ണുത്തി:** ഇസാഫ് കേന്ദ്ര ഓഫീസിന്റെ ഓണാഘോഷ പരിപാടികൾ മണ്ണുത്തി സൊസൈറ്റി ഹാളിൽ കാത്തലിക് സിറിയൻ ബാങ്ക് ഡയറക്ടർ ടി.എസ് അനന്തരാമൻ ഉദ്ഘാടനം ചെയ്തു. ഇസാഫ് മൈക്രോഫിനാൻസ് മാനേജിംഗ് ഡയറക്ടർ കെ. പോൾ തോമസ് അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ ഓപ്പറേഷൻസ് ജോർജ്ജ് തോമസ്, ഡയറക്ടർ പ്രോഗാംസ് ജേക്കബ് സാമുവൽ, സ്ട്രാറ്റജിക് അഡ്വൈസർ എ. അക്ബർ, മംഗളം ബ്യൂറോ ചീഫ് ജോയ് എം. മണ്ണൂർ, മണ്ണുത്തി കേരള കാർഷിക സർവ്വകലാശാല കമ്മ്യൂണിക്കേഷൻ സെന്റർ പ്രൊഫർമാരായ ഡോ. ജ്യോതി ഭാസ്ക്കർ, ഡോ. എസ്.



ഇസാഫ് ഓണാഘോഷ പരിപാടികളിൽ നിന്ന്

എസ്റ്റലീറ്റ എന്നിവർ പ്രസംഗിച്ചു. ഓണാഘോഷത്തോടനുബന്ധിച്ച് നടത്തിയ പൂക്കള മത്സരത്തിൽ 'വൈറ്റ് ഹൗസ്' ഒന്നാം സ്ഥാനവും 'റെഡ് ഹൗസ്' ഓവറോൾ ചാമ്പ്യൻഷിപ്പും കരസ്ഥമാക്കി. വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ബ്രാഞ്ചു തലങ്ങളിലും ഓണം വിപുലമായി ആഘോഷിച്ചു.

# ട്രാഫിക് സുരക്ഷ: ബോധവത്കരണം നടത്തി



സബ്‌വെ ഉപയോഗിക്കുന്ന കാൽനടയാത്രക്കാർക്ക് റോസാ പുഷ്പങ്ങൾ നൽകുന്നു.

**തൃശൂർ:** കാൽനട യാത്രക്കാരുടെ സുരക്ഷ മുൻനിർത്തി ഇസാഫിന്റെ ലിവബിൾ സിറ്റീസ് നെറ്റ്‌വർക്കും തൃശൂർ സിറ്റി പോലീസും സ്റ്റുഡന്റ് പോലീസ് കേഡറ്റും സംയുക്തമായി ഡ്രൈവർമാർക്കും കാൽനടയാത്രക്കാർക്കും വേണ്ടി ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു. തൃശൂർ സി.എം.എസ് സ്കൂളിനു സമീപം സംഘടിപ്പിച്ച പരിപാടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് എസ്. ഗോപിനാഥ് ഉദ്ഘാടനം ചെയ്തു. പരിപാടിയെ തുടർന്ന് പാറമേക്കാവിനു സമീപമുള്ള സബ്‌വേ ഉപയോഗിച്ച കാൽനടയാത്രക്കാരെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് അംഗങ്ങൾ റോസാപുഷ്പങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്തു. തൃശൂർ പോലീസ് കമ്മിഷണർ ഷാഹുൽ ഹമീദ്, ഇസാഫ് ലിവബിൾ സിറ്റീസ് പ്രോജക്ട് ഡയറക്ടർ ജേക്കബ് സാമുവൽ, പ്രോജക്ട് ഓഫീസർ ജിനു വർഗ്ഗീസ് എന്നിവരും പരിപാടിയിൽ പങ്കെടുത്തു.

# പത്രം സ്പോൺസർ ചെയ്തു

**തൃശ്ശൂർ:** ഗ്രാമീണ സ്കൂളുകളിലെ വിദ്യാർത്ഥികളിൽ വായനാശീലം വളർത്തുന്നതിനായി ഇസാഫ് സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ ദിനപത്രങ്ങൾ സ്പോൺസർ ചെയ്തു. മംഗളം ദിനപത്രം



പോലീസ് സ്റ്റേഷനുകളിൽ കേരള കൗമുദി പത്രം വിതരണം ചെയ്യുന്ന പദ്ധതി ഇസാഫ് മൈക്രോഫിനാൻസ് ജനറൽ മാനേജർ ബോസ്കോ ജോസഫ് പാലക്കാട് ജില്ലാ പോലീസ് ചീഫ് രാജ്പാൽ മീണയ്ക്ക് കേരള കൗമുദി കൈമാറി ഉദ്ഘാടനം ചെയ്യുന്നു.



മുടപ്പല്ലൂർ സ്കൂളിൽ മംഗളം അക്ഷരജ്യോതി പദ്ധതി കെ.പോൾ തോമസ് ഉദ്ഘാടനം ചെയ്യുന്നു

ആവിഷ്കരിച്ച അക്ഷരജ്യോതി പദ്ധതി കുറ്റുമുക്ക് സാന്ദീപനി വിദ്യാനികേതൻ ഹയർസെക്കണ്ടറി സ്കൂളിൽ നടപ്പിലാക്കി. പ്രോഗ്രാംസ് ഡയറക്ടർ ജേക്കബ് സാമുവൽ ഉദ്ഘാടനം ചെയ്തു. മുടപ്പല്ലൂർ ഗവ. ഹൈസ്കൂളിലെ അക്ഷരജ്യോതി പദ്ധതി മാനേജിങ് ഡയറക്ടർ കെ.പോൾ തോമസും കിഴക്കഞ്ചേരി ഗവ. ഹൈസ്കൂളിലെ അക്ഷരജ്യോതി പദ്ധതി ജേക്കബ് സാമുവലും ഉദ്ഘാടനം ചെയ്തു. ശാന്തൻപാറ ഗവ. ഹൈസ്കൂളിലെ അക്ഷരജ്യോതി പദ്ധതി ബ്രാഞ്ച് മാനേജർ ഷിജി ബെന്നിയും സേനാപതി മാർ ബേസിൽ ഹയർസെക്കണ്ടറി സ്കൂളിലെ പരിപാടിക്ക്



മാതൃഭൂമി-മധുരം മലയാളം പദ്ധതി ഇടുക്കി എം.എൽ.എ റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യുന്നു

ഏരിയ മാനേജർ ബിനീഷ് കെ. പോളും നേതൃത്വം നൽകി. കട്ടപ്പന ഗവ. ഹയർസെക്കണ്ടറി സ്കൂളിലെ മാതൃഭൂമി-മധുരം മലയാളം പദ്ധതി ഇടുക്കി എം.എൽ.എ റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു. മുരിക്കാട്ടുകുടി ഗവ. ട്രൈബൽ ഹയർസെക്കണ്ടറി സ്കൂളിലെ മധുരം മലയാളം പദ്ധതി ഏരിയമാനേജർ ബെന്നി കെ. പോൾ നിർവ്വഹിച്ചു. തൊടുപുഴ പൂമാല ട്രൈബൽ ഹയർസെക്കണ്ടറി സ്കൂളിൽ ആരംഭിച്ച മലയാളമനോരമ വായനക്കളരി പദ്ധതി ഏരിയ മാനേജർ കെ.ജെ.ബിജു ഉദ്ഘാടനം ചെയ്തു.



ഒരു ഇസാഫ് മൈക്രോഫിനാൻസ് കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻസ് പ്രസിദ്ധീകരണം.

National Pension System
A hand to hold for the elderly
PFRDA
Scan the QR Code for more info.
nps@esafmicrofin.com